**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **18-03-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് അടച്ചിടലിന് ശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് കോവിഡ് അടച്ചിടലിന് ശേഷം സ്കൂളുകളിൽ എത്താനാകുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന ഏകദേശം എല്ലാ വിദ്യാർത്ഥികളെയും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. വീട്ടുകളിൽ നിന്നും സ്കൂളുകളിൽ പോയി വരുന്ന ചില വിദ്യാർത്ഥികൾ മാത്രം സ്കൂളിൽ പോകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരുടെ സഹകരണത്തോടെ ഇവരെ സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കോവിഡാനന്തര സാഹചര്യത്തിൽ മതിയായ യാത്രാ, താമസ സൗകര്യങ്ങൾ ഉറപ്പാക്കാനാകാത്തത് സ്കൂളിൽനിന്നും കുട്ടികളുടെ ഈ കൊഴിഞ്ഞു പോകലിന് കാരണമായിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | 2021 നവംബർ മാസം ക്ലാസ്സുകൾ ആരംഭിച്ചത് മുതൽ യാത്രാസൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വാഹനസൗകര്യം, 'ഗോത്രസാരഥി' പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ താമസത്തിനുള്ള എല്ലാ സൗകര്യങ്ങളും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സിൽ ഹാജരാകാത്ത മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്കൂളുകളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, മെന്റർ ടീച്ചർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, ജനമൈത്രി പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിനാൽ മതിയായ യാത്ര, താമസസൗകര്യ കുറവ് നിമിത്തം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് ഉണ്ടായിട്ടില്ല. |
| (സി) | ഇക്കാര്യങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | 2021 നവംബർ മാസം ക്ലാസ്സുകൾ ആരംഭിച്ചത് മുതൽ യാത്രാസൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വാഹനസൗകര്യം, 'ഗോത്രസാരഥി' പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ താമസത്തിനുള്ള എല്ലാ സൗകര്യങ്ങളും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്സിൽ ഹാജരാകാത്ത മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്കൂളുകളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, മെന്റർ ടീച്ചർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, ജനമൈത്രി പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിനാൽ മതിയായ യാത്ര, താമസസൗകര്യ കുറവ് നിമിത്തം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ